**മധുരമായ കുട്ടികളേ, ജ്ഞാനം വെണ്ണയാണ്, ഭക്തി മോരാണ്, ബാബ നിങ്ങൾക്ക് ജ്ഞാനമാകുന്ന വെണ്ണ നൽകി വിശ്വത്തിന്റെ അധികാരിയാക്കുന്നു, അതുകൊണ്ടാണ് കൃഷ്ണന്റെ വായിൽ വെണ്ണ കാണിയ്ക്കുന്നത്.**

**ചോദ്യം:–** നിശ്ചയബുദ്ധിയെ എങ്ങനെ തിരിച്ചറിയാൻ സാധിക്കും? നിശ്ചയത്തിന്റെ ആധാരത്തിൽ എന്ത് പ്രാപ്തിയാണ് ഉണ്ടാകുന്നത്?

**ഉത്തരം:–** (1) നിശ്ചയബുദ്ധി കുട്ടികൾ ദീപത്തിൽ അർപ്പണമാകുന്ന സത്യമായ ശലഭങ്ങളായിരിക്കും, പ്രദക്ഷിണം വെക്കുന്നവരായിരിക്കുകയില്ല. ആരാണോ ദീപത്തിൽ അർപ്പണമാകുന്നത് അവർ തന്നെയാണ് രാജ്യപദവി നേടുന്നത്, പ്രദക്ഷിണം വെച്ച് പോകുന്നവർ പ്രജയിൽ പോകുന്നു. (2) ഭൂമി പിളർന്നാലും ധർമ്മം വെടിയില്ല – ഈ പ്രതിജ്ഞ നിശ്ചയബുദ്ധി കുട്ടികളുടേതാണ്. അവർ സത്യമായ പ്രീത ബുദ്ധിയായി ദേഹസഹിതം ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളേയും മറന്ന് ബാബയുടെ ഓർമ്മയിലിരിക്കുന്നു.

**ഗീതം:–** ആകാശ സിംഹാസനം ഉപേക്ഷിച്ച് വന്നാലും.....

**ഓം ശാന്തി.** ഭഗവാനുവാച. നിരാകാരനായ പരമപിതാവിനെയാണ് ഭഗവാൻ എന്ന് പറയുന്നത്. ഭഗവാനുവാച എന്ന് പറഞ്ഞത് ആരാണ്? നിരാകാരനായ പരമപിതാ പരമാത്മാവാണ്. നിരാകാരനായ ബാബ നിരാകാര ആത്മാക്കൾക്ക് വന്ന് മനസ്സിലാക്കി തരുന്നു. നിരാകാരനായ ആത്മാവ് ഈ ശരീരമാകുന്ന കർമ്മേന്ദ്രിയങ്ങളിലൂടെ കേൾക്കുന്നു. ആത്മാവിനെ സ്ത്രീയെന്നോ, പുരുഷനെന്നോ പറയാൻ കഴിയില്ല. ആത്മാവിനെ ആത്മാവെന്നാണ് പറയുന്നത്. ആത്മാവ് സ്വയം ഈ അവയവങ്ങളിലൂടെ പറയുന്നു – ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. എല്ലാ മനുഷ്യരും സഹോദരന്മാരാണ്. നിരാകാരനായ പരമപിതാ പരമാത്മാവിന്റെ സന്താനമാകുമ്പോൾ പരസ്പരം എല്ലാവരും സഹോദരന്മാരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമായതിനാൽ സഹോദരീ–സഹോദരന്മാരാണ്. ഇത് എല്ലായ്പ്പോഴും എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ. ഭഗവാൻ രക്ഷകനാണ്, ഭക്തർക്ക് ഭക്തിയുടെ ഫലം നൽകുന്നവൻ.

അച്ഛൻ മനസ്സിലാക്കി തരികയാണ് സർവ്വരുടേയും സത്ഗതി ദാതാവ് ഞാൻ മാത്രമേയുള്ളൂ. സർവ്വരുടേയും ശിക്ഷകനായി ശ്രീമതം നൽകുകയാണ് പിന്നെ എല്ലാവരുടേയും സത്ഗുരുവുമാണ്. ബാബയ്ക്ക് വേറെ അച്ഛനോ, ടീച്ചറോ, ഗുരുവോ ഇല്ല. ആ ബാബയാണ് പ്രാചീന ഭാരതത്തിന്റെ രാജയോഗം പഠിപ്പിക്കുന്നത്, കൃഷ്ണനല്ല. കൃഷ്ണനെ അച്ഛൻ എന്ന് പറയാൻ കഴിയില്ല. കൃഷ്ണനെ ദൈവീകഗുണധാരി സ്വർഗ്ഗത്തിന്റെ രാജകുമാരൻ എന്നാണ് പറയുന്നത്. പതീത–പാവനനെന്നും സത്ഗതി ദാതാവെന്നും ഒന്നിനെയാണ് പറയുന്നത്. ഇപ്പോൾ എല്ലാവരും ദുഃഖിതരും, പാപ ആത്മാക്കളും, ഭ്രഷ്ടാചാരികളുമാണ്. ഭാരതമായിരുന്നു സത്യയുഗത്തിലെ ദൈവീകവും ശ്രേഷ്ഠാചാരിയുമായിരുന്നത്. പിന്നീട് അത് ഭ്രഷ്ടാചാരിയും ആസുരീയ രാജ്യവുമാകുന്നു. എല്ലാവരും പറയുന്നു പതീത–പാവനാ വരൂ, വന്നിട്ട് രാമരാജ്യം സ്ഥാപിക്കൂ. അപ്പോൾ ഈ സമയം രാവണ രാജ്യമാണ്. രാവണനെ കത്തിക്കുന്നുമുണ്ട് പക്ഷെ രാവണനെ ഒരു വിദ്വാന്മാർക്കും, ആചാര്യന്മാർക്കും, പണ്ഡിതന്മാർക്കും അറിഞ്ഞുകൂടാ. സത്യയുഗം മുതൽ ത്രേതായുഗം വരെ രാമരാജ്യം, ദ്വാപരം മുതൽ കലിയുഗം വരെ രാവണരാജ്യം. ബ്രഹ്മാവിന്റെ പകൽ എന്ന് പറയുന്നത് ബ്രഹ്മാകുമാർ–കുമാരിമാരുടെയും പകലാണ്. ബ്രഹ്മാവിന്റെ രാത്രി എന്ന് പറയുന്നത് ബി.കെ.യുടെയും രാത്രിയാണ്. ഇപ്പോൾ രാത്രി അവസാനിച്ചിട്ട് പകൽ വരുന്നു. പറയാറുണ്ട് വിനാശ കാലത്തിൽ വിപരീത ബുദ്ധിയെന്ന്. മൂന്നു സേനകളുമുണ്ട്. പരമപിതാവിനെ പറയുന്നത് ഏറ്റവും സ്നേഹിയായ ഗോഡ് ഫാദർ, ജ്ഞാനസാഗരൻ എന്നാണ്. അപ്പോൾ തീർച്ചയായും നോളജ് തരികയില്ലേ. സൃഷ്ടിയുടെ ചൈതന്യ ബീജരൂപമാണ്. സുപ്രീം സോൾ ആണ് അതായത് ഉയർന്നവനിലും ഉയർന്ന ഭഗവാനാണ്. അല്ലാതെ സർവ്വവ്യാപിയല്ല. സർവ്വവ്യാപി എന്ന് പറയുന്നത് ബാബയെ അപമാനിക്കുകയാണ്. ബാബ പറയുന്നു ഗ്ലാനി ചെയ്ത് – ചെയ്ത് ധർമ്മ ഗ്ലാനിയായി, ഭാരതം ദരിദ്രവും, ഭ്രഷ്ടാചാരിയുമായി. അങ്ങനെയുള്ള സമയത്താണ് എനിക്ക് വരേണ്ടി വരുന്നത്. ഭാരതമാണ് എന്റെ ജന്മസ്ഥലം. സോമനാഥന്റെ ക്ഷേത്രവും ശിവന്റെ ക്ഷേത്രങ്ങളും ഇവിടെയാണുള്ളത്. ഞാൻ എന്റെ ജന്മസ്ഥലത്തിനെയാണ് സ്വർഗ്ഗമാക്കി മാറ്റുന്നത്, പിന്നെ രാവണൻ നരകമാക്കുന്നു അർത്ഥം രാവണന്റെ മതമനുസരിച്ച് നടന്ന് നരകവാസി, ആസുരീയ സമ്പ്രദായത്തിലേതാകുന്നു. പിന്നെ അവരെ മാറ്റി ദൈവീക സമ്പ്രദായം, ശ്രേഷ്ഠാചാരിയാക്കുന്നു. ഇത് വിഷയ സാഗരമാണ്. അത് ക്ഷീര സാഗരമാണ്. അവിടെ നെയ്യിന്റെ നദി ഒഴുകും. സത്യയുഗത്തിലും – ത്രേതായുഗത്തിലും ഭാരതം സദാ സുഖം നിറഞ്ഞതും സമ്പന്നവുമായിരുന്നു, വജ്രങ്ങളും രത്നങ്ങളും

കൊണ്ടുള്ള കൊട്ടാരമായിരുന്നു. ഇപ്പോൾ 100 ശതമാനം ദരിദ്രമായി. ഞാൻ വന്നിട്ടാണ് 100 ശതമാനം സമ്പന്നവും, ശ്രേഷ്ഠാചാരിയുമാക്കുന്നത്. ഇപ്പോൾ തന്റെ ദൈവീക ധർമ്മത്തെ മറന്ന് ഭ്രഷ്ടാചാരിയായി മാറി.

ബാബ വന്നിട്ട് മനസ്സിലാക്കി തരികയാണ് ഭക്തിമാർഗ്ഗം എന്നു പറയുന്നത് മോരാണ്, ജ്ഞാന മാർഗ്ഗം എന്നു പറയുന്നത് വെണ്ണയാണ്. കൃഷ്ണന്റെ വായിൽ വെണ്ണ കാണിക്കാറുണ്ട് അതായത് വിശ്വത്തിന്റെ രാജ്യമുണ്ടായിരുന്നു, ലക്ഷ്മീ-നാരായണൻ വിശ്വത്തിന്റെ അധികാരിയായിരുന്നു. ബാബ വന്നിട്ടാണ് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത് അർത്ഥം വിശ്വത്തിന്റെ അധികാരിയാക്കുന്നത്. പറയുന്നു ഞാൻ വിശ്വത്തിന്റെ അധികാരിയാകുന്നില്ല. അഥവാ അധികാരിയാകുകയാണെങ്കിൽ മായയിൽ നിന്നും തോൽവിയും നേടേണ്ടി വരും. മായയോട് നിങ്ങളാണ് തോൽക്കുന്നത്. പിന്നെ ജയിക്കേണ്ടതും നിങ്ങൾക്കാണ്. ഈ അഞ്ചു വികാരങ്ങളിൽ കുടുങ്ങി കിടക്കുകയാണ്. ഇപ്പോൾ ഞാൻ നിങ്ങളെ ക്ഷേത്രത്തിൽ ഇരിക്കാൻ യോഗ്യരാക്കി തീർക്കുകയാണ്. സത്യയുഗം വലിയ ക്ഷേത്രമാണ്, അതിനെ ശിവാലയം എന്നാണ് പറയുന്നത്, ശിവനാണ് സ്ഥാപിക്കുന്നത്. കലിയുഗത്തിനെ വേശ്യാലയം എന്നാണ് പറയുന്നത്, എല്ലാവരും വികാരികളാണ്. ഇപ്പോൾ ബാബ പറയുകയാണ് ദേഹത്തിന്റെ ധർമ്മം വിട്ടിട്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ബാബയോട് പ്രീതിയാണ്. നിങ്ങൾ വേറെയാരേയും ഓർമ്മിക്കുന്നില്ല. നിങ്ങൾ വിനാശകാലേ പ്രീത ബുദ്ധികളാണ്. ശ്രീ ശ്രീ 108 എന്ന് പരംപിതാ പരമാത്മാവിനെയാണ് പറയുന്നത്.108 ന്റെ മാല തിരിക്കുന്നു.ശിവബാബ മുകളിലാണ് പിന്നെ മാതാ പിതാവായ ബ്രഹ്മാവും സരസ്വതിയും,പിന്നെ അവരുടെ കുട്ടികൾ, അവർ ഭാരതത്തെ പാവനമാക്കുന്നു.രുദ്രാക്ഷ മാലയെ കുറിച്ച് പറയുന്നുണ്ട്,അതിനെ രുദ്ര യജ്ഞം എന്നും പറയുന്നു.എത്ര ഉയർന്ന രാജസ്വ അശ്വമേധ അവിനാശി ജ്ഞാന യജ്ഞമാണ്. എത്ര വർഷങ്ങളായി നടക്കുന്നു.അനേക ധർമ്മങ്ങൾ ഏതെല്ലാമാണോ ഉള്ളത് സർവ്വതും ഈ യജ്ഞത്തിൽ സ്വാഹായാകും അപ്പോൾ ഈ യജ്ഞം പൂർത്തിയാകും.ഇത് അവിനാശിയായ ബാബയുടെ അവിനാശിയായ യജ്ഞമാണ്.സർവ്വ സാമഗ്രികളും ഇതിൽ സ്വാഹായാകണം.എപ്പോൾ വിനാശമാകും എന്ന് ചോദിക്കാറുണ്ട്.ആരാണോ സ്ഥാപിക്കുന്നത് അവർക്ക് തന്നെയാണ് പാലനയും ചെയ്യേണ്ടത്.ഇത് ശിവബാബയുടെ രഥമാണ്.ശിവബാബ ഇതിൽ രഥിയാണ്.കുതിര വണ്ടിയൊന്നും അല്ല.അവർ ഭക്തീമാർഗ്ഗത്തിന്റെ സാമഗ്രികൾ ഉണ്ടാക്കിയിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ ഈ പ്രകൃതിയുടെ ആധാരം എടുക്കുന്നു.

ബാബ മനസ്സിലാക്കി തരുന്നു – ആദ്യം അവ്യഭിചാരിയായ ഭക്തിയാണ് പിന്നെ കലിയുഗത്തിന്റെ അന്ത്യത്തിൽ പൂർണ്ണമായും വ്യഭിചാരിയായി മാറി.ബാബ വന്ന് ഭാരതത്തിന് വെണ്ണ നല്കുന്നു.നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നതിനു വേണ്ടി പഠിച്ച് കൊണ്ടിരിക്കുന്നു.ബാബ വന്ന് വെണ്ണ കഴിപ്പിക്കുന്നു.രാവണ രാജ്യമാകുമ്പോൾ മോര് തുടങ്ങുന്നു.ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്.പുതിയ കുട്ടികൾക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കില്ല.പരംപിതാ പരമാത്മാവിനെ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരം എന്ന് പറയുന്നത്.ബാബ പറയുന്നു എന്നെ  ഈ ഭക്തീമാർഗ്ഗത്തിലൂടെ ആർക്കും ലഭിക്കുന്നില്ല.ഞാൻ എപ്പോഴാണോ വരുന്നത് അപ്പോഴാണ് ഭക്തർക്ക് ഭക്തിയുടെ ഫലം നല്കുന്നത്.ഞാൻ ലിബറേറ്റർ ആകുന്നു,ദുഃഖത്തിൽ നിന്നും മോചിപ്പിച്ച് സർവ്വരേയും ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ട് പോകുന്നു.നിശ്ചയബുദ്ധിയായിട്ടുള്ളവർക്ക് വിജയവും സംശയബുദ്ധിയായിട്ടുള്ളവർക്ക് പരാജയവും.
ബാബ ദീപമാണ്.ആ ദീപത്തിൽ ചിലർ പൂർണ്ണമായും അർപ്പണമാകാറുണ്ട്, ചിലർ ചുറ്റിക്കറങ്ങി തിരികെ പോകുന്നു.ഒന്നും മനസ്സിലാക്കുന്നില്ല.അർപ്പണമാകുന്ന കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛനിൽ നിന്നും നമുക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുമെന്ന്.ചുറ്റിക്കറങ്ങി പോകുന്നവർ പ്രജകളിൽ തന്നെ നമ്പർവാർ അനുസരിച്ച് വരും.അർപ്പണമാകുന്നവർ സമ്പത്ത് എടുക്കുന്നത് നമ്പർവാർ പുരുഷാർത്ഥം അനുസരിച്ചാണ്.പുരുഷാർത്ഥത്തിലൂടെ തന്നെയാണ് പ്രാപ്തി ലഭിക്കുന്നത്.ജ്ഞാന സാഗരൻ ഒരേയൊരു ബാബ തന്നെയാണ്.ജ്ഞാനം പിന്നെ പ്രായലോപപ്പെട്ട് പോകുന്നു.നിങ്ങൾ സത്ഗതി നേടുന്നു.സത്യയുഗത്തിലും ത്രേതായുഗത്തിലും ഗുരുക്കന്മാരും മറ്റും ഉണ്ടായിരിക്കില്ല.ഇപ്പോൾ സർവ്വരും ആ ബാബയെ ഓർമ്മിക്കുന്നു കാരണം ബാബയാണ് ജ്ഞാന സാഗരം. സർവ്വർക്കും സത്ഗതി നല്കുന്നു.നിലവിളികളൊക്കെ അവസാനിച്ച് ജയജയാരവം തുടങ്ങുന്നു, നിങ്ങൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിനെ അറിയുന്നുണ്ട്.നിങ്ങൾ ഇപ്പോൾ ത്രികാല ദർശികളാണ്, ത്രിനേത്രികളായിരിക്കുകയാണ്. നിങ്ങൾക്ക് രചയിതാവിന്റെയും രചനയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ മുഴുവൻ ജ്ഞാനവും ലഭിച്ച് കൊണ്ടിരിക്കുകയാണ്.ഇത് കെട്ട് കഥയൊന്നും അല്ല.ഭഗവാനാണ് ഗീത പറഞ്ഞത് പക്ഷേ കൃഷ്ണന്റെ പേര് കാണിച്ച് ഗീതയെ ഖണ്ഡിച്ച് കളഞ്ഞു.നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സർവ്വരുടേയും മംഗളം ചെയ്യണം.നിങ്ങൾ ശിവശക്തി സേനയാണ്.വന്ദേമാതരം എന്ന് പാടുന്നുണ്ട്. പവിത്രതയെയാണ്

വന്ദിക്കുന്നത്.കന്യകമാർ പവിത്രമായത് കൊണ്ടാണ് സർവ്വരും അവരെ വന്ദിക്കുന്നത്. ഭർത്താവിന്റെ വീട്ടിലേയ്ക്ക് പോയി വികാരിയായി മാറിയാൽ സർവ്വരുടെ മുന്നിലും തല കുനിക്കേണ്ടി വരുന്നു.പവിത്രതയിലാണ് മുഴുവൻ ആധാരവും.ഭാരതം പവിത്ര ഗൃഹസ്ഥ ധർമ്മമായിരുന്നു.ഇപ്പോൾ അപവിത്ര ഗൃഹസ്ഥ ധർമ്മമാണ്.ദുഃഖം തന്നെ ദുഃഖമാണ്.സത്യയുഗത്തിൽ അങ്ങനെ അല്ല. ബാബ കുട്ടികൾക്ക് വേണ്ടി കൈവെള്ളയിൽ സ്വർഗ്ഗം കൊണ്ട് വന്നിരിക്കുന്നു.ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് കൊണ്ടും ബാബയിൽ നിന്നും സമ്പത്ത് നേടുവാൻ സാധിക്കും.വീടും കുടുംബവും ഉപേക്ഷിക്കേണ്ട കാര്യം ഇല്ല.സന്യാസിമാരുടെ നിവൃത്തി മാർഗം വ്യത്യസ്തമാണ്.ഇപ്പോൾ ബാബയോട് പ്രതിജ്ഞ ചെയ്യുന്നു – ബാബാ, ഞങ്ങൾ പവിത്രമായി തീർച്ചയായും പവിത്ര ലോകത്തിന്റെ അധികാരിയാകും.ഭൂമി പിളർന്നാലും ധർമ്മം വിടരുത്.5 വികാരങ്ങളുടെ ദാനം ചെയ്താൽ മായയുടെ ഗ്രഹണത്തിൽ നിന്നും മുക്തമാകും,അപ്പോൾ 16 കലാ സമ്പൂർണ്ണമാകും.സത്യയുഗ ത്തിൽ 16 കലാ സമ്പൂർണ്ണരും സമ്പൂർണ്ണ നിർവ്വികാരിയും………,ഇപ്പോൾ ശ്രീമതമനുസരിച്ച് നടന്ന് വീണ്ടും അങ്ങനെയാകണം

ബാബ പാവപ്പെട്ടവരുടെ നാഥനാണ്.സമ്പന്നർക്ക് ഈ ജ്ഞാനം എടുക്കുവാൻ സാധിക്കില്ല കാരണം അവർ മനസ്സിലാക്കുന്നത് നമുക്ക് ധാരാളം ധനമുണ്ട്,നമ്മൾ സ്വർഗ്ഗത്തിൽ തന്നെയാണിരിക്കുന്നത്, അതുകൊണ്ട് അബലകളും അഹല്യകളും തന്നെയാണ് ജ്ഞാനം എടുക്കുന്നത്.ഭാരതം ദരിദ്രമാണ്.അതിലും പാവപ്പെട്ട സാധാരണക്കാരുണ്ട് അവരെ തന്നെയാണ് ബാബ തന്റേതാക്കുന്നത്.അവരുടെ ഭാഗ്യത്തിൽ തന്നെയാണുള്ളത്.സുദാമയുടെ ഉദാഹരണത്തെ കുറിച്ച് പറയുന്നുണ്ട്.സമ്പന്നർക്ക് മനസ്സിലാക്കുവാൻ സമയമില്ല.രാജേന്ദ്ര പ്രസാദിന്റെ (ഭാരതത്തിന്റെ ആദ്യത്തെ രാഷ്ട്രപതി) അടുക്കൽ കുട്ടികൾ പോയിരുന്നു,പരിധിയില്ലാത്ത അച്ഛനെ അറിയൂ എങ്കിൽ നിങ്ങൾ വജ്ര തുല്യമായിത്തീരും, 7 ദിവസത്തെ കോഴ്സ് കേൾക്കൂ എന്നും പറഞ്ഞിരുന്നു.അപ്പോൾ പറഞ്ഞത് – ങാ,കാര്യം വളരെ നല്ലതാണ്,റിട്ടയർ ആയതിനു ശേഷം കോഴസ് കേൾക്കാം.റിട്ടയർ ആയതിനു ശേഷം അസുഖമാണ് എന്ന് പറഞ്ഞു.വലിയ വലിയ ആൾക്കാർക്ക് സമയമില്ല.ആദ്യം 7 ദിവസത്തെ കോഴ്സ് പൂർത്തിയാക്കൂ അപ്പോൾ നാരായണീ ലഹരിയുണ്ടാകും.അല്ലാതെ നിറം പിടിക്കില്ല.7 ദിവസത്തിനു ശേഷം മനസ്സിലാകും ഇവർ യോഗ്യരാണോ അല്ലയോ എന്ന്.യോഗ്യരാണ് എങ്കിൽ പഠിക്കുന്നതിനു വേണ്ടി പുരുഷാർത്ഥത്തിൽ മുഴുകും.ഭട്ഠിയിലിരുന്ന് പക്കാ നിറം എന്ന് വരെ പിടിക്കുന്നില്ലയോ അതുവരെ പുറത്ത് പോകുന്നതിലൂടെ നിറം തന്നെ ഇല്ലാതാകും,അതുകൊണ്ട് ആദ്യം പക്കാ നിറം പിടിപ്പിക്കണം.ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ശിവ ശക്തിയായി വിശ്വ മംഗളം ചെയ്യണം. പവിത്രതയുടെ ആധാരത്തിൽ കക്കയ്ക്ക് തുല്യമായ മനുഷ്യരെ വജ്ര തുല്യമാക്കണം.

2) ശ്രീമതത്തിലൂടെ വികാരങ്ങളെ ദാനം നല്കി സമ്പൂർണ്ണ നിർവ്വികാരിയും 16 കലാ സമ്പൂർണ്ണവും ആകണം. ദീപത്തിൽ അർപ്പണമാകുന്ന ശലഭങ്ങളാകണം.

## വരദാനം:- പരിസ്ഥിതികളെ വഴിയോരക്കാഴ്ചകളാണെന്ന് മനസ്സിലാക്കി മറികടക്കുന്ന സ്മൃതി സ്വരൂപ സമർത്ഥ ആത്മാവായി ഭവിക്കൂ

സ്മൃതി സ്വരൂപ ആത്മാവ് സമർത്ഥമായതു കാരണം പരിസ്ഥിതികളെ കളിയെന്ന് മനസ്സിലാക്കുന്നു. ഇനി എത്ര തന്നെ വലിയ പരിസ്ഥിതിയാകട്ടെ എന്നാൽ സമർത്ഥ ആത്മാവിന് ലക്ഷ്യത്തിൽ എത്തിച്ചേരുന്നതി നായി ഇതെല്ലാം വഴിയോര ദൃശ്യങ്ങളായിരിക്കും. ആളുകൾ ചിലവ് നടത്തി വഴിയോരക്കാഴ്ചകൾ കാണാൻ പോകുന്നു. സ്മൃതി സ്വരൂപ സമർത്ഥ ആത്മാവിന് പരിസ്ഥിതിയെന്നോ, പേപ്പറെന്നോ, വിഘ്നമെന്നോ പറയൂ എല്ലാം വഴിയോരക്കാഴ്ചകളാണ് സ്മൃതിയിലുണ്ട് ഈ ലക്ഷ്യത്തിലേക്കുള്ള വഴിയോര ദൃശ്യങ്ങൾ അനേകം തവണ മറികടന്നിട്ടുണ്ട്, ഒന്നും പുതിയതല്ല.

**സ്ലോഗൻ:- മറ്റുള്ളവരെ തിരുത്തുന്നതിന് പകരം ബാബയുമായുമായി ബന്ധം യോജിപ്പിക്കൂ എങ്കിൽ വരദാനങ്ങളുടെ അനുഭൂതി ഉണ്ടായിക്കൊണ്ടിരിക്കും.**

**മാതേശ്വരിജിയുടെ മധുര മഹാവാക്യം**
**"ഓം എന്ന ശബ്ദത്തിന്റെ കേവല ഉച്ചാരണത്തിലൂടെ ഒരു പ്രയോജനവുമില്ല"**

ഓം ഉരുവിടുക അർത്ഥം ഓം ജപിക്കൂ, എപ്പോഴാണോ നമ്മൾ ഓം എന്ന് പറയുന്നത് അപ്പോൾ ഓം എന്ന് പറയുന്നതിന്റെ അർത്ഥം ഓം എന്ന് ഉച്ചരിക്കുക എന്നല്ല, കേവലം ഓം എന്ന് പറയുന്നതിലൂടെ ജീവിതത്തിൽ നേട്ടമൊന്നും തന്നെയില്ല. എന്നാൽ ഓം എന്നതിന്റെ അർത്ഥ സ്വരൂപത്തിൽ സ്ഥിതി ചെയ്യുക, ആ ഓം എന്നതിന്റെ അർത്ഥത്തെ അറിയുന്നതിലൂടെ മനുഷ്യർക്ക് ശാന്തിയുടെ പ്രാപ്തി ഉണ്ടാകുന്നു. മനുഷ്യരിപ്പോൾ നമുക്ക് ശാന്തി ലഭിക്കണമെന്ന് അവശ്യം ആഗ്രഹിക്കുന്നുണ്ട്. ആ ശാന്തി സ്ഥാപിക്കുന്നതിനായി അനേകം സമ്മേളങ്ങളും നടത്തുന്നുണ്ട് എന്നാൽ ഫലത്തിൽ കൂടുതൽ അശാന്തിക്കും ദുഃഖത്തിനും കാരണമുണ്ടാകുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടെന്നാൽ മുഖ്യകാരണം ഏതുവരെ മനുഷ്യാത്മാക്കൾ 5 വികാരങ്ങളെ ഒഴിവാക്കുന്നില്ലയോ അത്വരെ ലോകത്തിൽ ഒരിക്കലും ശാന്തി ഉണ്ടാകുകയില്ല. അതുകൊണ്ട് ആദ്യം ഓരോ മനുഷ്യനും തന്റെ 5 വികാരങ്ങളെ വശത്താക്കണം ഒപ്പം തന്റെ ആത്മാവിന്റെ ചരട് പരമാത്മാവുമായി യോജിപ്പിക്കണം അപ്പോൾ മാത്രമേ ശാന്തി സ്ഥാപിതമാകൂ. അതുകൊണ്ട് മനുഷ്യൻ സ്വയം തന്നോട് ചോദിക്കണം ഞാൻ എന്റെ 5 വികാരങ്ങളെ ഉപേക്ഷിച്ചിട്ടുണ്ടോ? അവയെ ജയിക്കുന്നതിനുള്ള പ്രയത്നം നടത്തിയിട്ടുണ്ടോ? അഥവാ ആരെങ്കിലും ചോദിക്കുകയാണ് ഞാൻ എങ്ങനെ എന്റെ 5 വികാരങ്ങളെ വശത്താക്കും, അപ്പോൾ അവർക്ക് ഈ മാർഗ്ഗം പറഞ്ഞ് കൊടുക്കണം ആദ്യം അവരെ ജ്ഞാന യോഗത്തിന്റെ സുഗന്ധ ധൂപമേൽപ്പിക്കൂ കൂടാതെ പരംപിതാ പരമാത്മാവിന്റെ മഹാവാക്യമാണ് - എന്നോടൊപ്പം ബുദ്ധിയോഗം വച്ച് എന്റെ ശക്തിയെടുത്ത് സർവ്വശക്തിവാനായ എന്നെ ഓർമ്മിക്കുന്നതിലൂടെ വികാരം ഇല്ലാതായിക്കൊണ്ടിരിക്കും. ഇപ്പോൾ ഇത്രയും സാധനയാണ് ആവശ്യമായിട്ടുള്ളത്, അത് സ്വയം പരം പിതാ പരമാത്മാവ് നമ്മളെ പഠിപ്പിക്കുന്നു. ശരി ഓം ശാന്തി.